# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 21 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com


---

### .........ഹൃദയാഘാതം: 12 അയ്യപ്പന്മാരുടെ ജീവൻ രക്ഷിച്ചു..........
### അടിയന്തിര വൈദ്യസഹായവുമായി
### ആരോഗ്യ വകുപ്പിന്റെ 16 ഇഎംസികൾ

പമ്പയിൽ നിന്നു ശബരിമല സന്നിധാനത്തേക്ക് മല കയറുന്ന അയ്യപ്പന്മാർക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് 16 എമർജൻസി മെഡിക്കൽ സെന്ററുകൾ(ഇഎംസി) പ്രവർത്തനം ആരംഭിച്ചതായി ജില്ലാ നോഡൽ ഓഫീസർ ഡോ.ആർ. സന്തോഷ് കുമാർ പറഞ്ഞു. ഈവർഷത്തെ ശബരിമല തീർഥാടനം തുടങ്ങിയ ശേഷം ഹൃദയാഘാതം സംഭവിച്ച് ഇഎംസികളിൽ എത്തിച്ച 15 പേരിൽ 12 അയ്യപ്പന്മാരുടെ ജീവൻ രക്ഷപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു.

പമ്പ മുതൽ നീലിമല വരെ- മൂന്ന്(നീലിമല ബോട്ടം, നീലിമല മിഡിൽ, നീലിമല ടോപ്പ്), നീലിമല മുതൽ അപ്പാച്ചിമേട് വരെ-രണ്ട് (അപ്പാച്ചിമേട് ബോട്ടം, അപ്പാച്ചിമോട് മിഡിൽ), അപ്പാച്ചിമേട് മുതൽ മരക്കൂട്ടം വരെ-മൂന്ന് (അപ്പാച്ചിമേട് ടോപ്പ്, ഫോറസ്റ്റ് ക്യാമ്പ്, മരക്കൂട്ടം), മരക്കൂട്ടം മുതൽ ശരംകുത്തി വരെ -രണ്ട്(ക്യു കോംപ്ലക്സ്, ശരംകുത്തി), സന്നിധാനം-രണ്ട്(വാവരുടെ നട, പാണ്ടിത്താവളം), സ്വാമി അയ്യപ്പൻ റോഡ്- മൂന്ന്(ചരൽമേട് ആശുപത്രിക്ക് സമീപം, ചരൽമേട് 11-ാം വളവ്(മടുക്ക), ചരൽമേട് അഞ്ചാം വളവ്). കരിമല -1(ആശുപത്രിക്കു സമീപം) എന്നിവിടങ്ങളിലായി ആകെ 16 എമർജൻസി മെഡിക്കൽ സെന്റർ പോയിന്റുകളാണ് സജ്ജമാക്കിയിട്ടുള്ളത്.

അടിയന്തിര സാഹചര്യത്തിൽ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രവർത്തനമാണ് എമർജൻസി മെഡിക്കൽ സെന്ററുകളിലെ ആരോഗ്യപ്രവർത്തകർ നടത്തുക. എല്ലാ ഇഎംസികളിലും രക്തസമ്മർദം, രക്തത്തിലെ ഓക്സിജൻ നില എന്നിവ പരിശോധിക്കുക, ശ്വാസതടസമുണ്ടായാൽ നെബുലൈസേഷൻ നൽകുക, ഹൃദയത്തിന്റെ പ്രവർത്തനം പെട്ടെന്നു നിലച്ചു പോയാൽ പുനസ്ഥാപിക്കുന്നതിനുള്ള ഡിഫിബ്രിലേറ്റർ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിനു പുറമേ കാൽതട്ടിയുള്ള മുറിവുകൾക്ക് ഡ്രസിംഗ് ചെയ്തു നൽകും. ഇഎംസികളിൽ സന്ധിവേദനയ്ക്കുള്ള മരുന്നുകളും ജെല്ലും ഒഴിച്ച് മറ്റു മരുന്നുകളൊന്നും നൽകുന്നില്ല.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഇഎംസികളിൽ രണ്ട് സ്റ്റാഫ് നഴ്സും രണ്ട് വോളന്റിയർമാരും ഓരോ ടേണിലും ഉണ്ട്. എല്ലാ ഇഎംസികളെയും ഹോട്ട്ലൈൻ മുഖേന കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. 2017-18ൽ 2,63,473 പേരും 2018-19ൽ 2,28,370 പേരും ഇഎംസികളിൽ ചികിത്സ തേടിയിരുന്നു. 2017-18ൽ 36 പേരും 2018-19ൽ 24 പേരും മരണപ്പെട്ടു. 2019-20ൽ ഇതുവരെ മൂന്നുപേർ മരണപ്പെട്ടു. ***(പി.ആർ. ശബരി-35)***

## പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ മിഷൻ ഗ്രീൻ ശബരിമല; പ്രചാരണവുമായി ജില്ലാ ഭരണകൂടവും ശുചിത്വമിഷനും

ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന മിഷൻ ഗ്രീൻ ശബരിമലയ്ക്കായി വിവിധ പ്രചാരണ പദ്ധതികൾ ഒരുക്കി ശുചിത്വമിഷൻ. മുൻ വർഷങ്ങളിലും ശുചിത്വമിഷന്റെ നേതൃത്വത്തിൽ മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ വിവിധ പരിപാടികൾ നടത്തിയിരുന്നു. ഈ തീർഥാടന കാലയളവിലും ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിനും പമ്പാ നദിയെ മാലിന്യ മുക്തമാക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തും. ദേവസ്വംബോർഡ്, വനംവകുപ്പ്, കുടുംബശ്രീ മിഷൻ, പോലീസ്, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് എന്നീ വകുപ്പുകൾ മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

### തുണിസഞ്ചി വിതരണം

ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി അയ്യപ്പ ഭക്തർക്ക് പ്ലാസ്റ്റിക് കാരിബാഗിനു പകരമായി ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ അരലക്ഷത്തോളം തുണിസഞ്ചികൾ വിതരണം ചെയ്യും. ഇതിനായി നിലയ്ക്കൽ ബേസ് ക്യാമ്പിലും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലും തുണിസഞ്ചി വിതരണ സ്റ്റാളുകൾ നടത്തും.

### ഗ്രീൻ ഗാർഡ്സ്

പമ്പാ നദിയിലേക്ക് വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി പമ്പാ സ്നാനഘട്ടത്തിൽ ഗ്രീൻ ഗാർഡ്സ് എന്ന പേരിൽ പ്രവർത്തകരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും നിയോഗിക്കും. ഇത്തവണ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലുള്ള അംഗങ്ങളാണ് ഗ്രീൻ ഗാർഡ്സായി പ്രവർത്തിക്കുന്നത്.

**പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ**

ളാഹ മുതൽ പമ്പ വരേയും കണമല മുതൽ ളാഹ വരേയുമുള്ള റോഡ് അരികിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇക്കോ ഗാർഡുകളുടെ സഹായത്തോടെയും നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ നിന്നുള്ള അജൈവമാലിന്യങ്ങൾ ശുചിത്വമിഷന്റെ നേതൃത്വത്തിലും ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തിരുവല്ല ആസ്ഥാനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന അംഗീകൃത സ്ഥാപനമാണ് സംസ്കരണത്തിനായി കൊണ്ടുപോകുന്നത്.

**പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ ബോക്സ്**

നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ വലിയ അളവിലുള്ള ആറ് പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ ബോക്സുകൾ സ്ഥാപിക്കും. പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ എന്നിവ ഇതിൽ നിക്ഷേപിക്കാനാവും.

**അജൈവ മാലിന്യ ശേഖരണ ബിന്നുകൾ**

പമ്പ, നിലയ്ക്കൽ, പന്തളം എന്നിവിടങ്ങളിലായി നൂറിലധികം സ്റ്റീൽ നിർമിത ബിന്നുകൾ അജൈവ മാലിന്യശേഖരണത്തിനായി വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കും.

**പോക്കറ്റ് കാർഡ് വിതരണം**

പമ്പയിലേക്ക് വസ്ത്രങ്ങൾ വലിച്ചെറിയുന്നത് ആചാരവിരുദ്ധമാണെന്നും ശബരിമലയും കാനനപാതയും പ്ലാസ്റ്റിക് മുക്തമായി സംരക്ഷിക്കണമെന്നുമുള്ള വിവിധ ഭാഷയിലുള്ള സന്ദേശവും ശബരിമലയിലെ വിശേഷദിവസങ്ങളും രേഖപ്പെടുത്തിയ പോക്കറ്റ് കാർഡുകൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തീർഥാടകർക്ക് വിതരണം ചെയ്യും.

**റെയിൽവേ സംഗീതശകലം**

ശബരിമല തീർഥാടനത്തിനു വേണ്ടി റെയിൽ മാർഗം ചെങ്ങന്നൂർ, റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന തീർഥാടകർക്കായി കന്നട, തെലുങ്ക്, തമിഴ് എന്നീ മൂന്ന് ഭാഷകളിൽ റെയിൽവേ അനൗൺസ്മെന്റിന് മുൻപായി ബോധവത്കരണ സന്ദേശങ്ങൾ നൽകുന്നുണ്ട്. ***(പി.ആർ. ശബരി-36)***

## മതമൈത്രിയുടെ പ്രതീകമായി സന്നിധാനത്തെ വാവര് നട

ഭാരതത്തിന്റെ നാനാത്വത്തിൽ ഏകത്വത്തിനുള്ള ഏറ്റവും മികച്ച ഉദാഹരണമാണ് തത്വമസി സന്ദേശം അരുളുന്ന ശബരിമല സന്നിധാനവും പതിനെട്ടാം പടിക്ക് താഴെയുള്ള വാവര് സ്വാമിനടയും. സന്നിധാനത്തെത്തുന്ന ഭക്തർ അയ്യനെ കാണാൻ പതിനെട്ടാംപടി ചവിട്ടുന്നത് മതമൈത്രിയുടെ പ്രതീകമായ വാവര് സ്വാമി നടയിൽ വണങ്ങിയ ശേഷമാണ്. അയ്യപ്പ സ്വാമിയുടെ അംഗ രക്ഷകനും ഉറ്റ ചങ്ങാതിയുമായിരുന്നു വാവർ. മതസൗഹാർദത്തിന്റെ ഏറ്റവും വലിയ പ്രതീകം തന്നെയാണ് അയ്യപ്പന്റെയും വാവരുടെയും ചരിത്രപരമായ സൗഹൃദമെന്ന് വാവരുനടയിലെ മുഖ്യകാർമികനും വാവരുടെ പിൻതലമുറ

ക്കാരനുമായ വി.എസ്.അബ്ദുൾ റഷീദ് മുസലിയാർ പറഞ്ഞു. വരുന്ന കാലം മുന്നിൽ കണ്ട് ഒരുമിച്ച് കൂടിയവരാണ് അയ്യപ്പനും വാവരും. പുലിപ്പാൽ തേടിയിറങ്ങിയ മണികണ്ഠൻ വാവരുമായി ഏറ്റുമുട്ടുകയും ചങ്ങാതിമാരായി മാറുകയും ചെയ്തു. പിന്നീട് തന്റെ ദൗത്യ നിർവഹണത്തിന് അയ്യപ്പൻ വാവരെ കൂടെ കൂട്ടിയെന്നും ഒടുവിൽ സന്നിധാനത്തിന് സമീപം വാവരെയും കുടിയിരുത്തി എന്നാണ് ഐതീഹ്യമെന്നും അബ്ദുൽ റഷിദ് മുസലിയാർ പറഞ്ഞു.

വാവർ വൈദ്യനും ജ്യോതിഷിയും ആയിരുന്നു. വാവര്സ്വാമി നടയിൽ വണങ്ങുന്ന ഭക്തർക്ക് നൽകുന്നത് അരി, ജീരകം, ചുക്ക്, കുരുമുളക്, ഏലക്ക എന്നീ പഞ്ചകക്കൂട്ടുകൾ കൊണ്ടുണ്ടാക്കിയ പ്രസാദമാണ്. ഇതു ഭക്തന്റെ ജലദോഷം, പനി തുടങ്ങിയ ശാരീരിക അസ്വസ്ഥകൾക്കുള്ള മരുന്ന് കൂടിയാണ്. കൂടാതെ ഭക്തർ കാണിക്കയായി നടയിൽ സമർപ്പിക്കുന്ന കുരുമുളകിൽ അല്പം എടുത്ത ശേഷം ബാക്കി ഭാഗം പ്രാർഥിച്ച് തിരികെ നൽകുകയും ചെയ്യുന്നു. വാവരുടെ ഉടവാൾ സൂക്ഷിച്ചിരിക്കുന്നതിന് ഇടതു ഭാഗത്തായിട്ടാണ് കർമ്മിയിരുന്ന് ഭക്തർക്ക് പ്രസാദം നൽകുന്നത്. പഞ്ചകകൂട്ട് കൂടാതെ ഭസ്മവും ചരടും ഇവിടെ നിന്ന് ഭക്തർക്ക് പ്രസാദമായി നൽകാറുണ്ട്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി വായ്പ്പൂർ വെട്ടപ്ലാക്കൽ കുടുംബത്തിലെ തലമുതിർന്ന അംഗമാണ് വാവരുടെ പ്രതിനിധിയും മുഖകാർമ്മികനുമായി വാവര് നടയിൽ എത്തുക. വാവരുടെ ഊര് എന്നത് ലോപിച്ചാണ് വായ്പ്പൂര് ആയത് എന്നും ഐതീഹ്യമുണ്ട്.

*(പി.ആർ. ശബരി-37)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 21 | 2019 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com


---

### *അയ്യപ്പഭക്തർക്ക് പുണ്യസ്നാനത്തിനായി ഉരക്കുഴിതീർത്ഥം*

ഭക്തർക്ക് നിർവൃതിയായി ഉരക്കുഴി തീർത്ഥം കലിയുഗവരദന്റെ കാനനക്ഷേത്രത്തിലേയ്ക്കെത്തുവർക്ക് നിർവൃതിയേകി ശബരിമലയിലെ ഉരക്കുഴി തീർത്ഥം. സന്നിധാനത്തെ മാളികപ്പുറത്തിന് വടക്കുഭാഗത്തായി പാണ്ടിത്താവളത്തുനിും 300 മീറ്ററോളം ദൂരെയാണ് ഈ പുണ്യതീർത്ഥം സ്ഥിതിചെയ്യുന്നത്.(ഒരുകിലോമീറ്റർ അകലെയാണ് കുമ്പളം തോടിലെ ഉരക്കുഴി തീർത്ഥം) ശ്രീധർമ്മശാസ്താവിന്റെ ഐതിഹ്യവുമായി ബന്ധപ്പെ' ഉരക്കുഴി തീർത്ഥം പാപനാശിനിയാണൊണ് വിശ്വാസം. ഏറെ വിശ്വാസികൾ ഉരക്കുഴി കാണാനും ഇവിടെ കുളിക്കാനുമായി എത്തിച്ചേരുന്നുണ്ട്. കുമ്പാളം തോടിലുള്ള വെള്ളച്ചാട്ടത്തിന് കീഴെയായി ഒരാൾക്ക് ബുദ്ധിമുട്ടില്ലാതെ മുങ്ങിക്കുളിക്കാൻ കഴിയുന്ന കുഴിയാണ് ഉരക്കുഴിയെന്ന് അറിയപ്പെടുന്നത്. ചെറിയ കുഴിയായി തോന്നുമെങ്കിലും ഏറെ സൗകര്യപ്രദമാണ് ഇവിടം. തെളിഞ്ഞ, തണുത്ത വെള്ളത്തിലുള്ള സ്നാനം തീർത്ഥാടകരെ ഉന്മേഷഭരിതരാക്കുന്നു. പരമ്പരാഗത പുൽമേട് കാനനപാതയിലുടെ വരുന്ന തീർത്ഥാടകർ ഉരക്കുഴി തീർത്ഥത്തിൽ മുങ്ങിക്കുളിച്ചാണ് സന്നിധാനത്ത് എത്താറ്. ഭഗവത് ദർശനത്തിനുശേഷവും ഈ പുണ്യതീർഥത്തിൽ മുങ്ങിക്കുളിച്ച് ജീവിത പാപഭാരങ്ങളും ക്ഷീണവും കഴുകികളഞ്ഞ് ഓരോ ഭക്തനും മലയിറങ്ങുന്നു.

***(പി.ആർ. ശബരി-38)***

## *സന്നിധാനത്തെ മുഖ്യമണ്ഡപത്തിൽ കലാപരിപാടികൾക്ക് ഔദ്യോഗിക തുടക്കം*

ശബരിമല അയ്യപ്പസന്നിധിയെ ഭക്തി സാന്ദ്രമാക്കി നാമ ഘോഷ ലഹരി. തൃശൂർ ശ്രീനന്ദനം ഭജൻസ് ആണ് സന്നിധാനത്തെ മുഖ്യമണ്ഡപത്തിൽ ഭജന അവതരിപ്പിച്ചത്. ഇതോടെ 2019 -20 വർഷത്തെ മണ്ഡല- മകരവിളക്ക് ഉത്സവത്തിന്റെ ഭാഗമായി സന്നിധാനത്തെ കലാപരിപാടികൾക്ക് തുടക്കമായി. ഇരുപത്തിരണ്ട് കലാകാരൻമാരാണ് ശ്രീനന്ദനം ഭജൻസിന്റെ ഭാഗമായി വേദി യിലെത്തിയത്. നാമ ഘോഷ ലഹരിയുടെ ഭക്തിയിൽ മുഴുകി നിരവധി അയ്യപ്പഭക്തർ സന്നിധാനം ഓഡിറ്റോറിയത്തിൽ അണിനിരന്നത്. 16 വർഷത്തിലധികമായി കേരളത്തിലെ ഒട്ടനവധി ക്ഷേത്രങ്ങളിൽ ഭജന നടത്തി വരുന്ന സംഘമാണ് തൃശൂർ ശ്രീനന്ദനം ഭജൻസ്.ഇനിയുള്ള ഓരോ ദിവസങ്ങളിൽ ഭജന, ഭക്തിഗാനമേള, നാദസ്വര കച്ചേരി, സംഗീത കച്ചേരി, മ്യൂസിക് ഫ്യൂഷൻ, ഭരതനാട്യം എന്നിങ്ങനെ വിവിധ കലാപരിപാടികളും പുരാണ പാരായണവും സന്നിധാനം ഓഡിറ്റോറിയത്തിൽ അരങ്ങേറും.

***(പി.ആർ. ശബരി-39)***

## *ശരണപാതയിൽ പ്ലാസ്റ്റിക് കുപ്പികളും കവറുകളും വലിച്ചെറിയു ന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് പോലിസും ഫോറസ്റ്റും*

ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസറുടെ അധ്യക്ഷതയിൽ ചേർന്ന ഉ ന്നതഉദ്യോഗസ്ഥരുടെ യോഗത്തിലാണ് പ്ലാസ്റ്റിക് നിരോധനം ശക്തമായി നട പ്പാക്കാനുള്ള തീരുമാനം കൈകൊണ്ടത്. ശബരിമലയിലേക്കുള്ള കാനനപാ തയിൽ അപ്പാച്ചിമേട്, ശരംകുത്തി, ചരൽമേട് തുടങ്ങിയ സ്ഥലങ്ങളിൽ അയ്യ പ്പഭക്തന്മാർ പ്ലാസ്റ്റിക് കുപ്പികളും കവറുകളും വലിച്ചെറിയുന്നത് വ്യാപകമാ യ പശ്ചാത്തലത്തിലാണ് ഇത്തരക്കാർക്കെതിരെ പിഴ ഈടാക്കുന്നത് ഉൾപ്പ ടെയുള്ള നടപടികൾ സ്വീകരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്കും ഫോറസ് റ്റ് ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിരിക്കുന്നത്.

ശബരിമലയിൽ പ്ലാസ്റ്റിക് നിരോധം കർശനമായി നടപ്പാക്കാൻ എല്ലാ അയ്യ പ്പഭക്തരും സഹകരിക്കണമെന്നും അയ്യപ്പന്റെ പൂങ്കാവനമായ ശബരിമലയെ പുണ്യപൂങ്കവനമായി സംരക്ഷിക്കാൻ ഓരോ അയ്യപ്പഭക്തരും തയ്യാറാകണ മെന്നും പോലീസ് സ്പെഷ്യൽ ഓഫീസർ അഭ്യർഥിച്ചു. പ്ലാസ്റ്റിക് കുപ്പിക ളിൽ കുടിവെള്ളം കൊണ്ടുവരുന്ന അയ്യപ്പഭക്തർ ഉപയോഗം കഴിഞ്ഞ് കുപ്പി കൾ തിരികെ കൊണ്ടുപോകേണ്ടതാണ്. ശബരിമലയിൽ ഗ്രീൻ പ്രോട്ടോ ക്കോൾ നടപ്പാക്കാൻ വേണ്ടിയിട്ടുള്ള നടപടികളുമായാണ് സർക്കാരും ദേവ സ്വംബോർഡും വിവിധവകുപ്പുകളും മുന്നോട്ട് പോകുന്നത്. ഇരുമുടിക്കെട്ടിൽ ആചാര അനുഷ്ഠാനപ്രകാരമുള്ള സാധനങ്ങളല്ലാതെ പ്ലാസ്റ്റിക് വസ്തുക്കൾ നിറക്കരുതെന്നും ഇക്കാര്യത്തിൽ ഗുരുസ്വാമിമാർ പ്രത്യേകം നിർദേശം നൽ

കണമെന്നും യോഗം അഭ്യർഥിച്ചു.

***(പി.ആർ. ശബരി-40)***

## *ശബരിമല ഇന്നത്തെ ചടങ്ങുകൾ (22.11.19 )*

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
പുലർച്ചെ 3 മണിനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം.
3.30 ന് ഗണപതിഹോമം
പുലർച്ചെ3.20 മുതൽ ഉച്ചക്ക് 11.30 വരെ നെയ്യഭിഷേകം
രാവിലെ 7.30 ന് ഉഷപൂജ
7.45 മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
ഉച്ചയ്ക്ക് 12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കും
വൈകീട്ട് 6.30ന് ദീപാരാധന
6.45 മുതൽ 7.45 വരെ പടിപൂജ
രാത്രി 8ന് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.

.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.